ഒന്നുമില്ലാതെ റഫറൽ ആശുപത്രിയാക്കിയാൽ അത് ബുദ്ധിമുട്ട് ഉണ്ടാകും. റഫറൽ ആക്കുന്നതിന് അനുകൂലമാണ്. പക്ഷേ മറ്റു മൂന്ന് ആശുപത്രികളിലും ആവശ്യമായ സ്റ്റാഫും ബെഡ്ഡും അനുവദിച്ചു കൊണ്ട് മെഡിക്കൽ കോളേജിലെ തിരക്ക് കുറയ്ക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കണം. അതുപോലെതന്നെ മെഡിക്കൽ കോളേജിൽ തന്നെ ഇന്നും സ്റ്റാഫിനെ വേണ്ടത്ര വച്ചിട്ടില്ല, അത് വയ്ക്കണം എന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ മലബാർ പ്രദേശത്തിനു മുഴുവനായി ചികിൽസ സൗകര്യമുള്ള ഒരു സ്ഥാപനമാണ് മെഡിക്കൽ കോളേജ് ആശുപത്രി, ആ മെഡിക്കൽ കോളേജിൽ റഷ് കുറയ്ക്കേണ്ടത് ആവശ്യമാണ്. ഗൗരവപ്പെട്ട രോഗികളെ ചികിൽസിക്കാൻ ഉള്ള ഒരു സ്ഥാപനം എന്നുള്ളനിലയിൽ മെഡിക്കൽ കോളേജിന്റെ സംവിധാനത്തിന് പ്രത്യേകതയുണ്ടാക്കണം എന്ന കാര്യം കണക്കിലെടുത്തുകൊണ്ടാണ് മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ഹോസ്പിറ്റൽ ആക്കാൻവേണ്ടി തീരുമാനിച്ചത്. അവിടെയുള്ള ജില്ലാ ആശുപത്രി, അതായത് കടപ്പുറം ആശുപത്രിയെ സംബന്ധിച്ചിടത്തോളം വളരെ പോരായ്മകളുണ്ട്. ഞാൻതന്നെ അവിടെ നേരിട്ടുപോയി നോക്കി അതുകൊണ്ടാണ് നാളെ മുതൽ റഫറൽ ആശുപത്രിയാക്കണമെന്നു വിചാരിച്ചിരുന്നത്. ഒരു മാസത്തേക്കുകൂടി നീട്ടിയിരിക്കുന്നത്. അവർക്ക് അവിടെ ആവശ്യത്തിനുള്ള സ്റ്റാഫിനെ നിയമിച്ചു, ഇരുപത് ഡോക്ടർമാർ നാൽപ്പത് നഴ്സുമാർ മറ്റുള്ള സർവ്വീസിലുള്ള ആൾക്കാരെയും നിയമിച്ചു ഉത്തരവായിക്കഴിഞ്ഞു. അതിന്റെ പോസ്റ്റിംഗ് ഈ ആഴ്ച തന്നെ നടക്കുന്നതാണ്. അതിനുംപുറമേ ഇവിടെ റിപ്പയറിനായിട്ട് പത്തു ലക്ഷം രൂപ ചോദിച്ചതിൽ അഞ്ചുലക്ഷം രൂപ റിലീസ് ചെയ്തുകൊടുത്തിട്ടുണ്ട് അവിടെ ആവശ്യമായ എക്യൂപ്മെന്റ്സ് വാങ്ങിക്കാൻ ഉള്ള ഏർപ്പാട് ചെയ്തു. അതോടൊപ്പംതന്നെ 400 കട്ടിലും കിടക്കകളും വാങ്ങിക്കാനുള്ള ഓർഡർ കൊടുത്തുകഴിഞ്ഞു. ഈ മാസംതന്നെ എല്ലാ പ്രവർത്തനവും പൂർത്തിയാക്കി മേയ് മാസത്തിൽ ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് സ്ഥലങ്ങളിൽ മരുന്ന് കൊടുക്കാനുള്ള സംവിധാനമുണ്ട്, പോരാതെ വരുന്ന മരുന്നുകൾ വാങ്ങിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അധികാരം കൊടുത്തിട്ടുണ്ട്. ആവശ്യമായ മറ്റു നടപടികളും സ്വീകരിക്കുന്നതാണ്.

(12) ഗുരുവായൂർ ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. പി. കെ. കെ. ബാവ : സർ, ഗുരുവായൂരിൽ ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ അനുവദിച്ചിട്ട് വർഷങ്ങളായി. ഇതിന് ആവശ്യമായ സ്ഥലം ഗുരുവായൂർ ദേവസ്വംബോർഡ് കെ എസ്. ഇ. ബിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതുവരെ ആ സബ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഗുരുവായൂരിന്റെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് എത്രയും വേഗം ഗുരുവായൂർ ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ ഒരു ഈശ്വരവിശ്വാസികൂടിയായ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധ പതിപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, എനിക്ക് അത് വളരെ സന്തോഷമുള്ള ഒരു കാര്യമാണ്. 1983-ൽ അൻപത്തി നാലുലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പണിക്കാണ് സാങ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത്, കണ്ടശ്ശാൻകടവ്, കുന്നംകുളം 66 കെ. വി. ലൈൻ സ്ഥാപിക്കുന്നതിനും, ഗുരുവായൂരിൽ 66 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും 1983-ൽ അനുവാദം കൊടുത്തു. പക്ഷേ 99 വർഷക്കാലത്തേക്ക് അതിന് ആവശ്യമായിട്ടുള്ള സ്ഥലം ദേവസ്വംബോർഡ് ഇലക്ട്രിസിറ്റി ബോർഡിന് കൈമാറണം എന്ന് ഞങ്ങൾ അന്നേ ആവശ്യപ്പെട്ടതാണ്. ഈ അടുത്തകാലത്ത് മാത്രമാണ് മാനേജിംഗ് കമ്മിറ്റി അതിന് ഒരു തീരുമാനമെടുത്തത്. 3-1-1986-ൽ മാത്രമാണ് അതിലേക്കുള്ള തീരുമാനമെടുത്തത്. ഏത് നിമിഷത്തിൽ ഈ വസ്തുകൈമാറിത്തരുന്നുവോ അന്നേരം അതിന്റെ പണി ആരംഭിക്കാൻ കഴിയുമെന്നുള്ള വസ്തുത ഞാൻ അറിയിക്കുകയാണ്.

(13) ചിറയിൻകീഴ്, നെടുമങ്ങാട് താലൂക്കുകളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, നെടുമങ്ങാട് താലൂക്കുകളിൽ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ചിലയിടങ്ങളിൽ ബോർവെൽസ് കുഴിക്കുകയുണ്ടായി. എന്നാൽ, അങ്ങനെ കുഴിച്ച കുഴൽക്കിണറുകളിലും വെള്ളം വറ്റിയിരിക്കുന്നു. വെള്ളം വറ്റിയബോർവെൽസ് വളരെ ആഴത്തിൽ കുഴിക്കാതിരുന്നതുകൊണ്ടാണ് ആവശ്യത്തിന് വെള്ളമില്ലാതെ വന്നിട്ടുള്ളതെന്നാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നത്. കുഴിച്ചിട്ടുള്ള ബോർവെല്ലുകളിൽ ഇനിയും ആഴത്തിൽ കുഴിക്കാൻ കഴിയുമെങ്കിൽ അതിൽ നിന്നും വെള്ളം കിട്ടാൻ സാദ്ധ്യതയുണ്ടെന്ന് അറിയുന്നു. സർ, വേനൽക്കാലത്ത്, കിണറുകളെല്ലാം വറ്റിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന വാട്ടർസപ്ലൈസ്കീം നടപ്പിലാക്കുന്നതിന് പലബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്.

ഒന്ന് വാട്ടർ സോഴ്സുള്ള സ്ഥലം കിട്ടാൻ പ്രയാസമുണ്ടായാൽ ഇപ്പോൾ പെട്ടെന്ന് വേറെ പരിഹാരമാർഗ്ഗങ്ങളൊന്നും ഇല്ല. കമ്പൽസറി അക്വിസിഷൻ നടപടികൾതന്നെ പെട്ടെന്ന് നടത്താൻ കഴിയാത്തിടത്തോളം വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാൻ കഴിയുന്നില്ല.

രണ്ട്, പി.ഡബ്ലിയു.ഡി. ക്ക് റോഡിൽകൂടി പൈപ്പ് ഇടുന്നതിന് മുൻകൂട്ടി തുക അടയ്ക്കണമെന്ന വ്യവസ്ഥയുള്ളതുകൊണ്ട് പലപ്പോഴും പി. ഡബ്ലിയു. ഡി. വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കാറുണ്ട്. ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളും തമ്മിലുള്ള മാൽസര്യം കൊണ്ട് ഗ്രാമങ്ങൾ അനുഭവിക്കുന്ന ജനങ്ങൾ കഷ്ടത്തിലാകുമെന്നുള്ളതുകൊണ്ട്, സർക്കാർ ഇടപെട്ട് പരിഹാരമുണ്ടാക്കണം. തീരപ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലും ഇന്നനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോൾ അവിടെ രണ്ട് താലൂക്കുകളിൽ 132-ഉം 135 ഉം വീതം കിണറുകൾ കുഴിച്ചു. അവിടെനിന്ന് മോട്ടാർ ഉപയോഗിച്ച് വെള്ളം പമ്പുചെയ്താണ് വാട്ടർ സപ്ലൈ നടത്തുന്നത്. കുഴൽ കിണറുകൾ കുഴിച്ചതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ചില കുഴൽക്കിണറുകൾ ശരിയായിട്ട് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല. അതിന് കണക്ഷൻ കൊടുക്കാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സർ, ഇപ്പോൾ ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിയുടെ ഭാഗമായിട്ടുള്ള പദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly